## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1245 03.12.2015-ൽ മറുപടി നൽകേണ്ടത്

**ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി റീസർവേ നടപടികൾ**

ചോദ്യം
ശ്രീ.വി.ശശി

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള (എച്ച്.എം.പി.എൽ) ഭൂമിയുടെ റീസർവെ നടപടികൾ എത്ര ശതമാനം പൂർത്തീകരിച്ചു; ഇതിനായി എത്ര തുക അനുവദിച്ചു ;അതിൽ എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ? | ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ ഭൂമി പ്രത്യേകമായി റീസർവ്വെ നടത്തിയിട്ടില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ ഭൂമികൂടി ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളുടെ റീസർവ്വെ നടപടികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചു എങ്കിലും റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. റീസർവ്വെ ജോലികൾ പൂർത്തായാകാത്ത സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ഭൂമിക്ക് വേണ്ടി മാത്രം ചെലവായ തുക കണക്കാക്കപ്പെട്ടിട്ടില്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശമുള്ള സർക്കാർ ഭൂമി ഭൂസംരക്ഷണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിലേക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനത്തിനായി 20,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

C.K.V. Kunny
സെക്ഷൻ ഓഫീസർ